(ബി) ഇല്ല.

(സി) അല്ല.

(ഡി) മദിരാശി സർവ്വകലാശാലയിലെ നിയമപ്രകാരം ഒരു പ്രിൻസിപ്പാൾ തന്റെ കോളേജിലുള്ള ഒരു വിദ്യാർത്ഥിയെ എക്സ്പെൽ ചെയ്യാൽ അതിന്മേൽ ആക്ഷേപമൊസ്കടമൊ ബോധിപ്പിക്കേണ്ടതു് സിണ്ടിക്കേറ്റിലേക്കാണു്. ഈ വിദ്യാർത്ഥികൾ വൈസ് ചാൻസ്ലർക്കു് കൊടുക്കാൻ ബോധിപ്പിച്ച ഹർജികൾ പ്രിൻസിപ്പാൾ തന്റെ അഭിപ്രായത്തോടുകൂടി വൈസ് ചാൻസ്ലർക്കു് അയച്ചുകൊടുത്തു.

(ഇ) എക്സ്പെൽ ചെയ്ത ൪൬ വിദ്യാർത്ഥികളിൽ ൪൩ പേർ പ്രിൻസിപ്പാളിന്റേയും പ്രൊഫസ്സർ എൻ. ആർ. രാമചന്ദ്രയ്യർ, പ്രൊഫസ്സർ കെ. എൻ. മേനോൻ എന്നിവരുടെയും മുമ്പാകെ തങ്ങൾചെയ്ത തെറ്റുകൾക്കു് മാപ്പു ചോദിക്കുകയും മേലാൽ കോളേജിലെ അച്ചടക്കത്തിനു് വിരോധമായി യാതൊന്നും ചെയ്യുകയില്ലെന്നു വാഗ്ദാനം ചെയ്യുകയും ഉണ്ടായതിനുശേഷമാണു് പ്രിൻസിപ്പാൾ മേൽപ്രകാരം ചെയ്തതു്.

(എഫ്) ഇല്ല.

9. മിസ്റ്റർ പി. നാരായണമേനോൻ : താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട ഗവൺമെണ്ടു് സദയം മറുപടി പറയുമൊ:—

(എ) അടുത്തു് മഹാരാജസ്സു് കോളേജിൽ ഉണ്ടായ വിദ്യാർത്ഥി ബഹളം അവസാനിപ്പിച്ചു കായ്ത്തിൽ ശ്രീ. കെ. പി. മാധവൻനായർ വല്ലതും പ്രവർത്തിച്ചിട്ടുണ്ടൊ;

(ബി) ഉണ്ടെങ്കിൽ എന്തെല്ലാം:

മിസ്റ്റർ പി. ഗോവിന്ദമേനോൻ : (എ) and (ബി) ഗവൺമെണ്ടിനു നിശ്ചയമില്ല.

മിസ്റ്റർ കെ. എ. രാഘവൻ: ചോദ്യം ൯. (സി.) ക്കുള്ള മറുപടിയിൽ the unfortunate incidents that occurred on the night of Thursday എന്നു പറഞ്ഞിട്ടുണ്ടു്. അതിൽ എന്തെല്ലാമാണു് unfortunate incidents ഉണ്ടായിട്ടുള്ളതെന്നു് അറിഞ്ഞാൽ കൊള്ളാം.

മിസ്റ്റർ പി. ഗോവിന്ദമേനോൻ: ഈ വിഷയം ഒരു പോലീസ്സു് ഇൻവെസ്റ്റിഗേഷനിലിരിക്കുകയാണു്. അതുകൊണ്ടു് അതിന്റെ വിവരം ഇപ്പോൾ പറയുന്നതു് ശരിയായിരിക്കുകയില്ല.

മിസ്റ്റർ കെ. എ. രാഘവൻ: കോളേജിൽ നടന്ന സംഭവങ്ങൾ വളരെ പരസ്യമായിട്ടുള്ളതാണു്. അതിനെ സംബന്ധിച്ചുള്ള ഇൻവെസ്റ്റിഗേഷൻ ഏതു നിലയിലിരിക്കുന്നുവെന്നു് അറിഞ്ഞാൽകൊള്ളാം.

മിസ്റ്റർ പി. ഗോവിന്ദമേനോൻ: എനിക്കു് അതിനെപ്പറ്റി പറയുവാൻ പാടില്ലെന്നല്ല പറയുന്നതു്. പോലീസ്സു് ഇൻവെസ്റ്റിഗേഷൻ നടത്തുന്നതു് ഒരുപക്ഷെ, അതിനെ തുടർന്നു് കേസ്സുണ്ടാക്കുവാൻ വേണ്ടീട്ടാണു്. അങ്ങിനെ ഒരു കേസ്സുണ്ടാവുകയാണെങ്കിൽ, ഇതിനെ സംബന്ധിച്ചു് നേരത്തെ ഒരഭിപ്രായം പറയുന്നതു് ആ കേസ്സിനു തടസ്ഥമായിട്ടു തീരും. അതുകൊണ്ടു് അധികൃതമായിട്ടു് ഒന്നും പറയുവാൻ നിവൃത്തിയില്ല. അങ്ങിനെ പറയുകയാണെങ്കിൽ അതു contempt of court ആകുവാൻ ഇടയാകും. ഈയ്യിടെയുള്ള ഒരു ഹൈക്കോട്ടു് വിധിയിൽ പോലീസ്സു് ഇൻവെസ്റ്റിഗേഷനിലിരിക്കുന്ന കേസ്സുകളെ സംബന്ധിച്ചു് മൻക്കൂട്ടി ചെയ്യുന്ന പ്രസ്താവനകളും contempt of court ആയിരിക്കുമെന്നു പറഞ്ഞിട്ടുണ്ടു്.

മിസ്റ്റർ പി. കുമാരനെഴുത്തച്ഛൻ: ഇതിൽ unfortunate incidents that occurred എന്നു പറയുന്നുണ്ടു്. അതു് ഇന്ന സംഗതിയാണെന്നും, ആ കാരണംകൊണ്ടാണു് വിദ്യാർത്ഥികളെ സസ്പെണ്ടു ചെയ്തതെന്നും പറഞ്ഞാൽ അതു് എങ്ങിനെയാണു് subjudice ആകുക? അതുകൊണ്ടു് ആ വിവരങ്ങളൊന്നു് അറിഞ്ഞാൽ തരക്കേടില്ല.

മിസ്റ്റർ പി. ഗോവിന്ദമേനോൻ: ആഗസ്റ്റു് ൧൪-ാംനു കോളേജ് അങ്കണത്തിൽവെച്ചു നടന്ന സംഭവങ്ങൾ പോലീസ്സു് ഇൻവെസ്റ്റിഗേഷനിൽ പെട്ടതായതുകൊണ്ടു് അതിനെപ്പറ്റി ഈ സഭയിൽ പ്രസ്താവിക്കുന്നതു് ശരിയായിരിക്കുകയില്ലെന്നാണു് ഗവൺമെണ്ടിന്റെ പരിപൂർണ്ണമായ അഭിപ്രായം.

മിസ്റ്റർ പറമ്പി ലോനപ്പൻ: ഈ സംഗതിയെപ്പറ്റി ഗവൺമെണ്ടിനു് കിട്ടീട്ടുള്ള വിവരം ഇവിടെ പ്രസ്താവിച്ചാൽ അതു് contempt of court ആകുമെന്നാണോ മന്ത്രിയുടെ അഭിപ്രായം?

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ എം. ശിവരാമമേനോൻ: പോലീസ്സ് ഒരു കേസ്സ് റജിസ്റ്റ് ചെയ്യുകഴിഞ്ഞാൽ അതിന്റെ first inofrmation report കോടതിയിലേയ്ക്ക് അയക്കണം. ആ റിപ്പോർട്ട് മജിസ്ട്രേട്ട് അവർകൾ കണ്ട സമയംമുതൽക്കു കേസ്സിനെ സംബന്ധിച്ചുള്ള സംഗതികൾ കേസ്സിൽ പെട്ടതായിട്ട് വിചാരിക്കണം. F. I. R. കിട്ടിയതിനുശേഷവും വീണ്ടും എൻ കപയറി ചെയ്യണമെന്നു പറയാനും കൂടിയുള്ള അധികാരം മജിസ്ട്രേട്ട് അവർകൾക്കുണ്ട്. അതുകൊണ്ട് ഒരു കേസ്സിനെ സംബന്ധിച്ച് പോലീസ്സ് F. I. R. തയ്യാറാക്കി കോടതിയിലേക്ക് അയച്ചുകഴിഞ്ഞാൽ പിന്നീട് ആ കേസ്സിലെ സംഗതികളെ സംബന്ധിച്ച് ഒരു പ്രസ്താവന പുറപ്പെടുവിക്കുകയാണെങ്കിൽ അതു contempt of court-ൽ പെടുവാൻ എളുപ്പമുണ്ട്.

മിസ്റ്റർ പറമ്പി ലോനപ്പൻ: റജിസ്റ്റ് ചെയ്തിട്ടുള്ള ഫാക്ട്സ് (facts) ഇന്നതാണെന്നു പറഞ്ഞാൽ അതു contempt of court ആയിത്തീരുമോ?

മിസ്റ്റർ എം. ശിവരാമമേനോൻ: F. I. R.-ൽപറഞ്ഞിട്ടുള്ള facts മാത്രം, അതായതു എ. എന്ന ആവലാതിക്കാരൻ പോലീസ്സ് മുമ്പാകെ ബോധിപ്പിച്ചിട്ടുള്ളതായ ആവലാതി ഇന്നതാണെന്നുമാത്രം പറയുകയൊ വായിക്കുകയൊ ചെയ്യുന്നതിൽ സൂക്ഷിച്ചാൽ contempt of court ഇല്ലാതെ കഴിക്കാം. പക്ഷെ അതുമാത്രം വായിക്കുക എന്നു വന്നാൽ അതിനു കാരണമാക്കിയ വിഷയങ്ങളെപ്പറ്റി പറയുവാൻ മനസ്സുവരും. അതിനെപ്പറ്റി ചോദ്യങ്ങളും വരും. അതിനും മറുപടി പറയേണ്ടതായിവരും. അങ്ങിനെ എല്ലാം വരുമ്പോൾ അതു contempt of court എന്നതിൽ ഉൾപ്പെടാൻ വഴിയുണ്ട്. Technical ആയിട്ട് പറയുകയാണെങ്കിൽ F. I. R. ലെ facts കുറെ കൂടാതെ മാത്രം വായിച്ചാൽ മതി എങ്കിൽ അങ്ങിനെ വായിക്കാൻ എനിക്കു സാധിക്കും. പക്ഷെ പോലീസ്സ് റിക്കാർട്ടാക്കീട്ടുള്ള കേസ്സുകൾ നടന്നുകൊണ്ടിരിക്കെ അതിനെ സംബന്ധിച്ച് ചോദ്യംചെയ്യാതിരിക്കുന്നതും വാദപ്രതിവാദം നടത്താതിരിക്കുന്നതും, നീതിന്യായപരിപാലനത്തിനു വിരുദ്ധമായിത്തീരാതിരിക്കാൻ വളരെ സഹായമായിരിക്കും. ആ ഒരു principle അടിസ്ഥാനമാക്കി F. I. R.-നെ സംബന്ധിച്ചുള്ള facts-നെ കുറിച്ച് വാദപ്രതിവാദം ചെയ്യാതിരിക്കുന്നതു വളരെ നല്ലതായിരിക്കുമെന്നാണ് എനിക്കു പറയാനുള്ളതു.

മിസ്റ്റർ പറമ്പി ലോനപ്പൻ: F. I. R. secret document ആണോ?

മിസ്റ്റർ എം. ശിവരാമമേനോൻ: secret document ആണെന്നു ഞാൻ പറഞ്ഞില്ല. അതിനെ സംബന്ധിച്ച് ഇന്നിന്ന സംഗതികൾ ചോദിക്കാം; ഇന്നിന്ന സംഗതികൾ ചോദിക്കാൻ പാടില്ല എന്നു വാദിക്കുന്നതിലും ഭേദം സാധാരണയായിട്ട് അതിൽ ഉൾപ്പെടുന്ന കാര്യങ്ങൾ subjudice ആയിട്ടാണ് കണക്കാക്കപ്പെടേണ്ടതു. അങ്ങിനെയിരിക്കുന്ന സ്ഥിതിക്കു അതിനെക്കുറിച്ചുള്ള വാദപ്രതിവാദങ്ങൾ ഇവിടെ നടക്കുന്നപക്ഷം അതു proceedings-ലും പത്രങ്ങളിലും പുറത്തും വരും. ഈ പത്രങ്ങളും proceedings-ം കക്ഷികളും, സാക്ഷികളും പൊതുജനങ്ങളും എല്ലാവരും വായിക്കും. അങ്ങിനെ ജനങ്ങളെല്ലാം വായിക്കാവുന്ന രീതിയിൽ വന്നാൽ അതു വായിക്കുന്ന ഒരു സാക്ഷി വിചാരിക്കും, ഞാൻ പോയി സാക്ഷി പറഞ്ഞാൽ ഒരുപക്ഷെ എനിക്കു തന്നെ അതു ഉപദ്രവമായിത്തീരുകിലൊ എന്നു. അങ്ങിനെയും മറ്റു പലതരത്തിലും ഉള്ള വിചാരങ്ങൾ ജനങ്ങളുടെ ഇടയിൽ ഉണ്ടാകും. അതുകൊണ്ട് ഇങ്ങനെയുള്ള matters subjudice ആയിട്ടാണ് കണക്കാക്കി വരുന്നതു. In this case, the F.I.R. has been sent to the Court. The court can grant the copies of the F.I.R. We must assume that when a case is under investigation the Court will be justified in granting a copy of the F.I.R.

മിസ്റ്റർ പറമ്പി ലോനപ്പൻ: F. I. R. secret document ആണോ എന്ന എന്റെ ചോദ്യത്തിനു അല്ല എന്ന നിലയിലാണ് മറുപടി എങ്കിൽ ഞാൻ ചോദിക്കുന്ന അതു ഒരു public document ആണോ എന്നു?

മിസ്റ്റർ എം. ശിവരാമമേനോൻ: അതു എതുനിലയിലും കേസ്സ് വിചാരണ തുടങ്ങുന്നതിനു മുമ്പായി വായിക്കാവുന്നതല്ല.

Mr.Parambi Lonappen (*Irinjalakkuda*): Mr. President, it is a quibbling answer. It has been admitted by the Constitutional Adviser that F.I.R. is not a secret document,and the facts mentioned in the F.I.R. can be disclosed without prejudice to the public and the court.

LIBRARY ARCHIVES Kerala Legislative Assembly

Mr. M. Sivarama Menon *(Constitutional Adviser):* The F. I. R. is only an allegation made by one party. Government cannot vouch for the correctness of the statements contained in the F.I.R.

Mr. Parambi Lonappen *(Irinjalakkuda):* We do not want the Government's views on the correctness or otherwise of the statement.

Mr. P. Govinda Menon *(Prime Minister):* I wanted to give to this House the statements contained in the F.I.R. or give expression to it.

Mr. Parambi Lonappen *(Irinjalakkuda):* I ask for the information contained in the F.I.R. only.

Mr. P. Kumaran Ezhuthassan *(Vadakkancheri):* May I know, Sir, whether it is possible for the Government to ask the Constitutional Adviser to give us the facts mentioned in the F.I.R.

Mr. P. Govinda Menon *(Prime Minister):* I want notice to give you the contents of the F.I.R.

Mr. P. A. Mohamad Ashrof *(Cranganur):* The Constitutional Adviser promised that he is prepared to read the contents of the F.I.R.

Mr. P. Govinda Menon *(Prime Minister):* No, the Constitutional Adviser said he can read the F.I.R. in such a way that he will escape from contempt of court.

Mr. P. Kumaran Ezhuthassan *(Vadakkancheri):* What Sir are the contents of the F.I.R. as stated therein by the party concerned and not as the Government feels the correctness or otherwise ?

Mr. P. Govinda Menon *(Prime Minister):* Not today. I want notice.

Mr. P. Kumaran Ezhuthassan *(Vadakkancheri):* Will it be kindly done tomorrow Sir ?

Mr. P. Govinda Menon *(Prime Minister):* I will consider.

Mr. Parambi Lonappen *(Irinjalakkuda):* May I know whether the Constitutional Adviser is in possession of that information.

Mr. M. Sivarama Menon *(Constitutional Advisor):* It is not in my possession.

Mr. P. Govinda Menon *(Prime Minister):* The document is not with me and the Constitutional Adviser has nothing to do with that.

Mr. President: Will the Hon'ble Law Member please state whether this comes under rule 10 sub-section (2), that is any matter under adjudication by a Court of Law is beyond the jurisdiction of this Council. Is this matter in that state ?

Mr. M. Sivarama Menon *(Constitutional Adviser):* Yes, Sir.

Mr. President: If you hold the view that this comes under the prohibition, then how can you say that you are prepared to read the F.I.R.

Mr. M. Sivarama Menon *(Constitutional Adviser):* The reading of the allegations in the F.I.R. is permissible with no comment on the facts indicating that they are either true or false.

Mr. President Is the matter under adjudication by a Court ?

Mr. M. Sivarama Menon *(Constitutional Adviser):* It will be deemed to be under adjudication from the time the F.I.R. reaches the Court. The subject matter of the F.I.R. is under adjudication. I said that I can technically read the F.I.R. without contempt of Court but that will not serve any useful purpose.

Mr. Parambi Lonappen *(Irinjalakkuda):* That is our concern.

മിസ്റ്റർ കെ. ബാലകൃഷ്ണമേനോൻ: ഈ കാര്യത്തെസംബന്ധിച്ച് രണ്ട് Students നെ suspend ചെയ്യുകയുണ്ടായത് F. I. R. ഫയൽ ചെയ്യുന്നതിനുശേഷമോ അതിനുമുമ്പോ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ; എനിക്ക് സൂക്ഷ്മംപറയാൻ സാധ്യമല്ല. മുമ്പാണെന്നാണ് തോന്നുന്നത്.

മിസ്റ്റർ പി. കുമാരനെഴുത്തച്ഛൻ: അതെന്നാണ്?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: നോട്ടീസ് വേണം.

മിസ്റ്റർ പി. കുമാരനെഴുത്തച്ഛൻ: ആഗസ്റ്റ് 14-ാംനു സസ്പെണ്ട് ചെയ്ത എന്ന് പറയുന്നുണ്ട്. അത് ഈ investigation നു prejudice ചെയ്യുന്ന വിധത്തിലാണെന്നു ഗവമ്മെണ്ട് ധരിച്ചിട്ടുണ്ടോ? The unfortunate incidents that occurred on the night of Thursday 14th August 1947 are under investigation by the Police. Pending result, the two students M. I. Joseph, class IV Group IV B and T. P. Paul, class IV B are suspended from College until further orders എന്നു പറഞ്ഞിട്ടുണ്ടല്ലൊ. ഈ investigation രണ്ട് വിദ്യാർത്ഥികളുടെ നിരപരാധിത്വം തെളിയിക്കുന്നതിനു prejudice ചെയ്യുന്നുണ്ടെന്നു ഗവമ്മെണ്ട് ധരിച്ചിട്ടുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

Mr. P. Govinda Menon (*Prime-Minister*): It is a matter of opinion on which two views are possible.

മിസ്റ്റർ പി. കുമാരനെഴത്തശ്ശൻ: ഗവമ്മെണ്ടിന്റെ പരിചിന്തിതമായ അഭിപ്രായ മെന്താണെന്നു് പറഞ്ഞാൽ കൊള്ളാം.

മിസ്റ്റർ പി. ഗോവിന്ദമേനോൻ: അതിനെക്കുറിച്ചു പരിചിന്തിച്ചിട്ടില്ല.

മിസ്റ്റർ എ. ഈച്ചരമേനോൻ: Expel ചെയ്യുവാനെന്താണു് കാരണം?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: അതു് ഇതിൽ പറഞ്ഞിട്ടുണ്ടു്. For their active part in the recent disturbances എന്നാണു് ഇതിൽ കാണുന്നതു്.

മിസ്റ്റർ എ. ഈച്ചരമേനോൻ: അതു് എത്രത്തോളം ശരിയാണെന്നു് പരിശോധിച്ചിട്ടുണ്ടോ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: അതിനു് ഒരു അപ്പീൽ അധികാരമില്ലാത്തതുകൊണ്ടു് ഗവമ്മെണ്ടു് അതു് പരിശോധിച്ചിട്ടില്ല.

മിസ്റ്റർ പി. കുമാരനെഴത്തശ്ശൻ: മൂന്നാം ചോദ്യം (ഐ) ഖണ്ഡികയിൽ സെപ്റ്റമ്പർ 12-ാംനു- ആ വിദ്യാർത്ഥികളെ തിരിച്ചെടുത്തു എന്നു് പറഞ്ഞിട്ടുണ്ടു്. ആ സംഘത്തിലുള്ള വിദ്യാർത്ഥികളെ എന്തു കാരണം പറഞ്ഞിട്ടാണു് തിരിച്ചെടുത്തതു് എന്നു് പറയാമോ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: വിദ്യാർത്ഥികളെ അവരുടെ രക്ഷിതാക്കന്മാരെ, കൊടുത്തിരുന്ന ഫർജിയിൽ ഇതിന്റെ investigations കഴിയുന്ന അത്രയുംകാലം അവരെ സസ്പെൻഷനിൽ നിർത്തിയാൽ അവർക്കു് അതു് ഒരു ദ്രോഹമായി പരിണമിച്ചേക്കുമെന്നും അതുകൊണ്ടു് അവരെ തിരിച്ചെടുക്കണമെന്നു് അപേക്ഷിച്ചതായിട്ടും അതു് Principal അംഗീകരിച്ചതായിട്ടുമാണു് അറിയുന്നതു്.

മിസ്റ്റർ പറമ്പി ലോനപ്പൻ: ഇതിനെ സംബന്ധിച്ചു് investigation അവസാനിച്ചുവൊ ഇല്ലയൊ എന്നു് പറയുന്നതു് contempt of court ആകുമോ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: ഇല്ല.

മിസ്റ്റർ പറമ്പി ലോനപ്പൻ: അതു് അവസാനിച്ചുവൊ എന്നു് പറയാമൊ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: നോട്ടീസു് വേണം.

മിസ്റ്റർ കെ. എ. രാഘവൻ: ഈ കേസു് ഉണ്ടായതു് കൊടി നാട്ടിയതിനെ സംബന്ധിച്ചാണോ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: അതിന്റെ കാരണം ഉത്തരത്തിൽ പറഞ്ഞിട്ടുണ്ടു്.

മിസ്റ്റർ പി. കുമാരനെഴത്തശ്ശൻ: ആഗസ്റ്റു് 15-ാംനു- കൊച്ചി മഹാരാജാവു് തിരുമനസ്സിലെ Flag കൂടാതെ നാഷണൽ Flag മാത്രം അവിടെ നാട്ടുന്നതിനു വിദ്യാഭ്യാസ മന്ത്രി അവർകളുടെ അനുമതി ചോദിക്കുകയും ഞങ്ങിനെ ഒരു അനുമതി നല്കുകയും അതിനു തടസ്സം ചെയ്യുന്നവരുടെ പേരിൽ മന്ത്രി അവർകൾ നടപടി നടത്താമെന്നു് പറയുകയും ചെയ്തിട്ടുണ്ടൊ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: ഇല്ല.

മിസ്റ്റർ പി. എ. മുഹമ്മദു് അഷ്റഫ്: അവരെ തിരിച്ചെടുക്കണമെന്ന ഹജ്ജി കിട്ടിയതു് ആർക്കാണു്?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: ഗവമ്മെണ്ടിനും പ്രിൻസിപ്പാളിനും കിട്ടീട്ടുണ്ടു്.

മിസ്റ്റർ പി. എ. മുഹമ്മദു് അഷ്റഫ്: ഹജ്ജിയിലെ ഉള്ളടക്കം ഒന്നു വായിക്കാമോ?

മിസ്റ്റർ പി: ഗോവിന്ദമേനോൻ: അതു് ഇപ്പോൾ ഇവിടെയില്ല. അതിൽ പറഞ്ഞിട്ടുള്ളതിന്റെ ചുരുക്കം ഇതാണു്: അവർ നിരപരാധികളാണെന്നു് തെളിയുന്നപക്ഷം അതുവരെ അവരെ സസ്പെൻഷനിൽ പുറത്തുനിർത്തുകയാണെങ്കിൽ അതു് വലിയ ബുദ്ധിമുട്ടാകുമെന്നാണു് പറഞ്ഞിട്ടുള്ളതു്. അതു് ശരിയാണെന്നു് Principal-നു് തോന്നി ആ അപേക്ഷ സ്വീകരിച്ചു.

മിസ്റ്റർ എ. ഈച്ചരമേനോൻ: Expel ചെയ്തവിവരം ഗവമ്മെണ്ടിനെ അറിയിച്ചിട്ടുണ്ടൊ?

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ പി. ഗോവിന്ദമേനോൻ: അറിയിച്ചിട്ടുണ്ട്.

മിസ്റ്റർ പി. കുമാരനെഴത്തശ്ശൻ: ഈ വിദ്യാർത്ഥികൾ ഹൗസ്-ഓണർ മന്ത്രി അവർകളെ സന്ദർശിക്കുകയുണ്ടായോ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: ഇല്ല.

മിസ്റ്റർ പി. കുമാരനെഴത്തശ്ശൻ: ഹൗസ്-ഓണർ തിയ്യതിയെന്ത്?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: ഇല്ല.

മിസ്റ്റർ പത്തൂർ അച്യുതമേനോൻ: 4 (എ) എന്ന ഉത്തരത്തിൽ For their active part in the recent disturbances in the College എന്നാണ്, അവരെ എസ്പെൽ ചെയ്യാനുള്ള ഓർഡറിൽ കാണുന്നതു് എന്നു പറഞ്ഞിട്ടുണ്ട്. ഈ ഹൗ-ഓണർ-യിലെ disturbance തന്നെയാണോ ഈ 9 പേരേയും എക്സ്പൽ ചെയ്യാൻ കാരണമായതു്?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: ഹൗ-ഓണർ-യിലെ disturbance ആണെന്നാണ് പറയുന്നതു്.

മിസ്റ്റർ പത്തൂർ അച്യുതമേനോൻ: രണ്ടുപേരുടെ കാര്യത്തിൽ investigation പൂർത്തിയാക്കുന്നതുവരെ അവരെ suspension-ൽ വെയ്ക്കാതെ തിരിച്ചെടുക്കണമെന്നപേക്ഷിച്ചതിന്റെ ഫലമായി അവരെ തിരിച്ചെടുത്തു എന്നു പറഞ്ഞവരേയും ഈ ഹൗ-ഓണർ-യിലെ incident തുടങ്ങിയപ്പോൾ expel ചെയ്യുകയുണ്ടായോ? ഇതിനെപ്പറ്റി ഗവൺമെണ്ടനേ-ക്ഷിക്കുകയുണ്ടായോ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: ഗവൺമെണ്ടിനു് ഈ കാര്യത്തിൽ jurisdiction ഇല്ല.

മിസ്റ്റർ പറമ്പി ലോനപ്പൻ: ഗവൺമെണ്ടിനു് jurisdiction ഇല്ല എന്നു പറഞ്ഞു. പിന്നെ ആർക്കാണ് jurisdiction ഉള്ളതു്?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: സിൻഡിക്കേറ്റ് ഓഫ് ദി മദ്രാസ്സ് യൂണിവേഴ്സിറ്റിക്കാണ്. മദ്രാസ്സ് യൂണിവേഴ്സിറ്റിയുടെ അപേക്ഷയനുസരിച്ച് syndicate നു് അപ്പീൽ ചെയ്യണമെന്നുണ്ട്.

മിസ്റ്റർ പറമ്പി ലോനപ്പൻ: അതിനെ review ചെയ്യാനുള്ള അധികാരം ഗവൺമെണ്ടിനുണ്ടോ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: ഉണ്ടു്.

മിസ്റ്റർ പറമ്പി ലോനപ്പൻ: പ്രിൻസിപ്പാൾ ചെയ്തിട്ടുള്ള ശുപാർശ എന്താണെന്നു് ഗവൺമെണ്ടു് അന്വേഷിച്ചിട്ടുണ്ടോ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: അതിനെക്കുറിച്ചു് യൂണിവേഴ്സിറ്റി ഒരു തീരുമാനം ചെയ്തുകഴിഞ്ഞാൽ പിന്നെ ഗവൺമെണ്ടു് ചോദിക്കാം.

മിസ്റ്റർ പറമ്പി ലോനപ്പൻ: യൂണിവേഴ്സിറ്റിക്കാർ ഒരു തീരുമാനംചെയ്തതിന്റെ ശേഷം, ഗവൺമെണ്ടു് പിന്നീടു് ആ ശുപാർശ എന്താണെന്നു് ചോദിച്ചാൽ അതിനു ഫലം കുറയുമെന്നു് ഗവൺമെണ്ടിനു് തോന്നുന്നുണ്ടോ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: ഗവൺമെണ്ടിനു് യാതൊരു സംശയവും ഈ ശിപാർശയെ സംബന്ധിച്ചു് ചോദ്യംചെയ്യാൻ ഇപ്പോൾ നിവൃത്തിയില്ല.

മിസ്സിസ്സ് കെ. എം. ആർ. മേനോൻ: ഇൻവെസ്റ്റിഗേഷൻ അധികകാലം നീണ്ടുനില്ക്കാൻ ഇടയുള്ളതുകൊണ്ടു് ആ രണ്ടു കുട്ടികളുടെ കാര്യത്തിൽ അവർക്കു ദ്രോഹമായി തീരുന്നതെന്നു് വിചാരിച്ചാണ് അവരെ തിരിച്ചെടുത്തതെന്നു് പറഞ്ഞു. അതുമാതിരിതന്നെയല്ലെ ബാക്കി കുട്ടികളുടെ കാര്യത്തിലും അവരെ തിരിച്ചെടുക്കാതിരുന്നാൽ അവർക്കു കഷ്ടത നേരിടുന്നതു്?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: അവരും അങ്ങിനെ അവശ്യപ്പെടുന്നപക്ഷം ആ സംഗതി യൂണിവേഴ്സിറ്റി പരിഗണിക്കുമെന്നാണ് എന്റെ വിശ്വാസം.

മിസ്റ്റർ പറമ്പി ലോനപ്പൻ: ഈ സംഭവത്തെ തുടർന്നു് ഏതെങ്കിലും കുട്ടികൾ നിരാഹാരവ്രതം (hunger strike) അനുഷ്ഠിക്കുകയുണ്ടായിട്ടുണ്ടോ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: ഉണ്ടു്.

മിസ്റ്റർ പറമ്പിലോനപ്പൻ: വല്ല കുട്ടികളും മരിച്ചിട്ടുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ പി. ഗോവിന്ദമേനോൻ: ഇല്ല.

മിസ്റ്റർ പി. കുമാരനെഴത്തശ്ശൻ: ൧൨-ാംചോദ്യത്തിന്റെ ഉത്തരം (എ) ഖണ്ഡികയിൽ 'recent disturbances' എന്നു പറഞ്ഞിട്ടുള്ളതു്, അതും investigation-ൽ തന്നെയാണൊ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: അതെ.

മിസ്റ്റർ പി. കുമാരനെഴത്തശ്ശൻ: Expel ചെയ്ത അധികാരികളുടെ റിപ്പോർട്ടിനെപ്പറ്റി ചോദ്യംചെയ്യാൻ അതിനെസംബന്ധിച്ചു് തീരുമാനത്തിനു ശേഷമല്ലാതെ ഇന്നത്തെ ഗവമ്മെണ്ടിനു് jurisdiction ഇല്ല എന്നു് പറയുകയുണ്ടായി. വേണ്ടത്ര വീണ്ടുവിചാരം ചെയ്യാതെ വന്നുപോയ തെറ്റിനെ മാറ്റാൻ സാധിക്കാത്ത തരത്തിൽ ൧൭ വിദ്യാർത്ഥികളെ expel ചെയ്തതായി റിപ്പോർട്ട് കിട്ടിയതിനു് ശേഷം ഇന്നത്തെ ഗവമ്മെണ്ടു് വല്ല സമാധാനവും പ്രിൻസിപ്പാളിനോടു് ചോദിക്കുകയുണ്ടായിട്ടുണ്ടൊ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: അതിനു് മുമ്പു് യൂണിവേഴ്സിറ്റിയുടെ decision അറിയണം. Adjudicator-ൽനിന്നു് ഒരു വിധി കിട്ടേണ്ട കാര്യത്തിനു് തടസ്സമുണ്ടാകാവുന്ന കാര്യമൊന്നും പ്രവർത്തിക്കരുതു്

മിസ്റ്റർ പി. കുമാരനെഴത്തശ്ശൻ: ഈ പതിനേഴ വിദ്യാർത്ഥികളെ expel ചെയ്തതു് Adjudicatorരുടെ വിധിക്കു് ശേഷമാണൊ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: അതിനു് ശേഷമല്ല.

മിസ്റ്റർ പി. കുമാരനെഴത്തശ്ശൻ: പതിനേഴ വിദ്യാർത്ഥികളെ expel ചെയ്തതു് അന്നത്തെ പരിതസ്ഥിതികളെ പരിഗണിച്ചു് ചെയ്തുപോയതാണെന്നും, അതുതു് ഇല്ലായ്മ ചെയ്യാൽ തരക്കേടില്ലെന്നു് വന്നിരിക്കുന്ന എന്നുമുള്ള നിലയിൽ, ഈ വിദ്യാർത്ഥികളുടെ ഭാവിയെ ഓർത്തു് ഒരു ശുപാർശ ചെയ്യാനുള്ള ഒരപേക്ഷ Adjudication Vice-Chancellor ക്കു് അയച്ചുകൊടുക്കുവാൻ Principal-നോടു് ആവശ്യപ്പെടാൻ അധികാരമില്ലാത്തതുകൊണ്ടാണൊ ഇന്നത്തെ ഗവമ്മെണ്ടു് ഒന്നും ചെയ്യാതിരുന്നതു് എന്നു് ഞാൻ ചോദിക്കുന്നു.

മിസ്റ്റർ പി. ഗോവിന്ദമേനോൻ: അധികാരമില്ലാത്തതുകൊണ്ടല്ല. ചില കാര്യങ്ങൾ കോളേജിനെ സംബന്ധിച്ചിടത്തോളം, യൂണിവേഴ്സിറ്റിയുടെ jurisdiction-നിലാണു്. ചില കാര്യങ്ങൾ ഗവമ്മെണ്ടിന്റെ jurisdiction-ൽ പെട്ടവയുമാണു്. ഇന്നത്തെ നിലക്കു് അതിനു് വേണ്ടത്തക്ക നിയമങ്ങൾ കൈകാര്യം ചെയ്യാനുള്ളസകല സൌകര്യങ്ങളും അധികാരങ്ങളുമുണ്ടു്.

മിസ്റ്റർ പി. കുമാരനെഴത്തശ്ശൻ: പക്ഷെ അന്നത്തെ നിലക്കു് അതു ചെയ്തുപോയി.

മിസ്റ്റർ പി. ഗോവിന്ദമേനോൻ: ചെയ്തുപോയതല്ല; ചെയ്തു.

മിസ്റ്റർ പി. കുമാരനെഴത്തശ്ശൻ: പിന്നീടുള്ള സംഭവവികാസങ്ങളാൽ ഈ കുട്ടികളുടെ ഭാവിയെക്കുറിച്ചു് പരിഗണിക്കണമെന്നുള്ള ഒരു വിനീതമായ അപേക്ഷ നിങ്ങൾക്കു നിങ്ങളുടെ കുട്ടികളുടെ പേരിൽ യൂണിവേഴ്സിറ്റിയുടെ മുമ്പാകെ വെയ്ക്കുവാൻ ദയവുണ്ടായൊ എന്നാണു് ഞാൻ ചോദിക്കുന്നതു്.

മിസ്റ്റർ പി. ഗോവിന്ദമേനോൻ: വിനീതമായി അപേക്ഷിക്കാൻ അധികാരം വേണൊ? ഗവമ്മെണ്ടു് അപേക്ഷിച്ചില്ല., അപേക്ഷിക്കാൻ ഒരുക്കവുമില്ല.

മിസ്സിസ്സു് കെ. എം. ജോർജ്ജ് മേനോൻ: മാസം രണ്ടായി. ഇനിയും ഈ ഇൻവെസ്റ്റിഗേഷൻ അവസാനിപ്പിച്ചു് ഒരു തീരുമാനംവരുത്താത്തതു് വളരെ കഷ്ടമാണെന്നു് ഗവമ്മെണ്ടിനു് തോന്നുന്നില്ലെ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: ഒക്ടോബർ ൧൪-ാംതീയ്യതിക്കു് അകത്തു് വിദ്യാർത്ഥികൾക്കു ഒരു സമാധാനം ബോധിപ്പിക്കണമെന്നു് Vice-Chancellor ആവശ്യപ്പെട്ടിട്ടുണ്ടു്. അതു് കിട്ടുന്നതോടുകൂടി ഉടനെ തീരുമാനമുണ്ടാകുമെന്നാണു് Principal എന്നെ അറിയിച്ചിട്ടുള്ളതു്.

മിസ്റ്റർ എം. കെ. രാജു: ൪ (ബി) എന്ന ഉത്തരത്തിൽ കോളേജിന്റെ അകത്തു വിദ്യാർത്ഥികളുടെ അച്ചടക്കം സംബന്ധിച്ചുള്ള കാര്യങ്ങളിൽ ഗവമ്മെണ്ടു് സാധാരണ ഇടപെടാറില്ല എന്നു് പറഞ്ഞു കാണുന്നു. ഏതെങ്കിലും ചിലകാര്യങ്ങളിൽ ഗവമ്മെണ്ടു് ഇടപെടാറുണ്ടു് എന്നാണോ ഇതിന്റെ അർത്ഥം?

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ പി. ഗോവിന്ദമേനോൻ: അങ്ങിനെ ഇല്ല.

മിസ്റ്റർ എം. കെ. രാജ: ര (ഡി)യിൽ പറയുന്ന ഗവമ്മെണ്ടു് അനുമതിവാങ്ങി നടപ്പിൽ വരുത്തേണ്ട തീരുമാനങ്ങൾ അങ്ങിനെ വാങ്ങിയും അല്ലാത്തതു് അങ്ങിനെ വാങ്ങാതേയും നടപ്പിൽ വരുത്തും എന്നു്. ഈ ക്ലാസ്സിലെ വിദ്യാർത്ഥികളുടെ ഭാവിയെ സംബന്ധിക്കുന്നതും രാജ്യത്തിൽ ഇരുയധികം ഒച്ചപ്പാടുണ്ടാക്കിയതുമായ ഈ കാര്യത്തിൽ പ്രിൻസിപ്പാൾ ഗവമ്മെണ്ടിന്റെ അനുമതി വാങ്ങിയല്ല പ്രവർത്തിച്ചതു് എന്നുള്ളതു് അദ്ദേഹത്തിന്റെപേരിൽ ഒരു കുറ്റവിലോപമായിട്ടു് ഗവമ്മെണ്ടു് കണക്കാക്കുന്നുണ്ടോ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: ഈ Answer-ൽ പറഞ്ഞിട്ടുള്ള കാര്യത്തിൽകോളേജു് അധികാരികൾ ചെയ്യേണ്ടതീരുമാനത്തിനു് ഗവമ്മെണ്ടിന്റെ അനുമതി വേണ്ട.

In the matter of purely academic matters *i.e.* fixing of days for examination, promotion of students from one class to another, condonation of deficiency in attendance, power of expulsion etc., are granted to them from University.

ഈ വക കാര്യങ്ങളിലൊന്നും ഗവമ്മെണ്ടനുമതിവേണ്ട. Furniture കൂടുതൽ വല്ലി പ്പിക്കണം എന്നുംമറ്റുമുള്ള ചിലകാര്യങ്ങൾക്കു് ഗവമ്മെണ്ടു് അനുമതിവേണം. അങ്ങിനെയുള്ള കാര്യങ്ങൾക്കു് ഗവമ്മെണ്ടനുമതി വാങ്ങുകയും ചെയ്യും. ചിലകാര്യങ്ങൾക്കൊന്നും ഗവമ്മെണ്ടനുമതി വാങ്ങിക്കേണ്ട ആവശ്യമില്ല.

മിസ്സിസ്സു് കെ. എം. കുർ. മേനോൻ: ഇതൊരു അസാധാരണ സംഭവമാണെന്നു് വെച്ചു് കുട്ടികൾ കഷ്ടപ്പെടാതിരിക്കാൻ വേണ്ടതു് ഗവമ്മെണ്ടിനു് ചെയ്കകൂടെ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: കുട്ടികൾ സർവ്വകലാശാലാനിബന്ധനകൾക്കു് വഴങ്ങാതെ യാതൊന്നും ചെയ്യാൻ നിവൃത്തിയില്ല.

മിസ്റ്റർ എ. ഈച്ചരമേനോൻ: Suspend ചെയ്ത രണ്ടു കുട്ടികളെ തിരിച്ചെടുത്തുവെന്നുപറഞ്ഞുവല്ലൊ. ഗവമ്മെണ്ടനുമതിയോടുകൂടിയാണൊ എടുത്തതു്.

മിസ്റ്റർ പി. ഗോവിന്ദമേനോൻ: Suspend ചെയ്ത അധികാരിയോടു് അവർ അപേക്ഷിച്ചതിന്റെ ഫലമായിട്ടാണു് എടുത്തതു്.

മിസ്റ്റർ പി. നാരായണമേനോൻ: ഈ കേസ്സു് subjudice ആയിരിക്കുന്നിടത്തോളംകാലം ഇക്കാര്യത്തെപ്പറ്റി കോളേജു് Principal-നു് Vice Chancellor-ും ആയി എഴുത്തുകുത്തുനടത്തുവാനും തീരുമാനമായി ഒരു മറുപടി പറയാനും സാധിക്കുമൊ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: ഒരു കാര്യത്തെ സംബന്ധിച്ചു് ഒരു ഉദ്യോഗസ്ഥൻ തന്റെ മേലധികാരിയുമായി നടത്തുന്ന എഴുത്തുകുത്തുകൾ പരസ്യമാക്കുത്തക്കവയല്ല. അതുകൊണ്ടു് അങ്ങിനെ എഴുത്തുകുത്തു നടത്തുന്നതു് subjudice ആകയില്ല. അതു് ഒരു privilege ആണു്. അതു പബ്ലിക്കു കാണുന്നതല്ല.

മിസ്റ്റർ എം. കെ. രാജ: ഗവമ്മെണ്ടിന്റെ ഔദ്യോഗികാനുമതി വാങ്ങിച്ചിട്ടില്ലെങ്കിൽതന്നെ ഇതിനെ സംബന്ധിച്ചു് പ്രിൻസിപ്പാൾ പ്രധാനമന്ത്രിയിൽ നിന്നു് അനൌദ്യോഗികമായ നിലയിൽ എങ്കിലും നിർദ്ദേശങ്ങൾ എടുക്കുകയുണ്ടായിട്ടുണ്ടൊ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: ഇല്ല. Expel ചെയ്തശേഷം അറിയിച്ചിട്ടുണ്ടു്.

മിസ്റ്റർ എം. കെ. രാജ: ഭാവിയിലെങ്കിലും വിദ്യാർത്ഥികളുടെ ഭാവിയെ ആകമാനം ദുർശിക്കുന്നതും കൊച്ചിഗവമ്മെണ്ടിന്റെ കീഴിലുള്ള ഒരു സ്ഥാപനമാണു് ഈ കോളേജെന്നുള്ളതുകൊണ്ടു് രാജ്യത്തിൽ പല പ്രത്യാഘാതങ്ങളുമുണ്ടാക്കാനിടയുള്ളതുമായ ഇത്തരം കാര്യങ്ങളിൽ ആ വകുപ്പിന്റെ ചാർജ്ജുവഹിക്കുന്ന മന്ത്രിയോടു് ആലോചിക്കുവാൻവേണ്ട നിർദ്ദേശം പ്രിൻസിപ്പാളിനുകൊടുക്കാമോ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: അതു് ആലോചിക്കാം.

മിസ്റ്റർ പി. എ. മുഹമ്മദ് അഷ്റഫ്: വ (ഇ) എന്ന ഉത്തരത്തിൽ expel ചെയ്ത വിദ്യാർത്ഥികളിൽ ഈ വിദ്യാർത്ഥികൾ Principal-ന്റെയും മറ്റും മുമ്പാകെ മാപ്പപേക്ഷിച്ചശേഷമാണു് മേൽപ്രകാരം ചെയ്തതെന്നു് പറഞ്ഞിട്ടുണ്ടു്. പ്രൊഫസർ പാപ്പാളിയുടെ മുമ്പാകെയും മാപ്പുചോദിക്കുകയുണ്ടായിട്ടുണ്ടൊ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: ആ കാര്യത്തിൽ ഗവമ്മെണ്ടിന്നറിവുകിട്ടീട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ പി. എ. മുഹമ്മദ് അഷ്റഫ്: ഖേദം പ്രകടപ്പിച്ചവരുടെ പേരിൽ വല്ല കേസ്സും നിലവിലുണ്ടെങ്കിൽ അതു പിൻവലിക്കുവാൻ ദയവുചെയ്തു നടപടികളെടുക്കാമോ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: അതിനെ പറ്റി ആലോചിക്കാം.

മിസ്റ്റർ എം. ഒ. തോമക്കുട്ടി: ഇക്കാര്യത്തിൽ മദ്രാസ് വൈസ് ചാൻസലറുമായിട്ട് വല്ലവിധത്തിലുള്ള നടത്തി ഇതിന് എന്താണ് ഒരു പരിഹാരം എന്ന് ആലോചിച്ചുവോ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: ഇതിനെക്കുറിച്ചുനോക്കുവാൻ മദ്രാസ് യൂനിവേഴ്സിറ്റി വൈസ് ചാൻസലർക്ക് ഞാൻ ഒരു കത്തെഴുതി. ആ കത്തിന് കമ്പിമൂലം മറുപടിയും കിട്ടി. അതിൽ പറഞ്ഞിട്ടുള്ളതു നിയമപ്രകാരം ഇതിനെപ്പറ്റി അന്വേഷണം നടത്തുവാൻ ആ കൂട്ടികൾ ഒരു പെറ്റീഷൻ തരണം, അതു കിട്ടിയാൽ അന്വേഷിക്കാം എന്നാണ്. ഇതു ഗവണ്മെണ്ടു പ്രസിദ്ധപ്പെടുത്തിയ ഒരു പ്രസ്നോട്ടിൽ കാണിച്ചിട്ടുണ്ട്.

മിസ്റ്റർ പി. കുമാരനെഴുത്തശ്ശൻ: ചോദ്യം (എ)യിൽ പറഞ്ഞിട്ടുള്ള വാർത്ത പത്രത്തിലുണ്ട്. ആ വാർത്ത മുഴുവൻ ശരിയല്ല എന്നോ, ഗവണ്മെണ്ടിന്റെ ദൌത്യം വഹിക്കാനായിപോയി എന്നോ ഉള്ളതിൽ ഏതാണ് തെറ്റ്?

മസ്റ്റർ പി. ഗോവിന്ദമേനോൻ: ഈ വാർത്ത കണ്ടതായ എക്സ്പ്രസ്സിന്റെ പിറ്റെ ദിവസത്തെ കടലാസിൽതന്നെ അതു് അല്ല എന്നുപറഞ്ഞിട്ടുണ്ട്. അങ്ങിനെ അല്ല എന്നു് പറഞ്ഞിട്ടുള്ളതു് ഗവണ്മെണ്ടിന്റെ ദൌത്യം വഹിച്ചുകൊണ്ടു് ഗവണ്മെണ്ടു് ചിലവിൽ പോയി എന്നുള്ളതിനെ സംബന്ധിച്ചാണ്.

മിസ്റ്റർ പി. കുമാരനെഴുത്തശ്ശൻ: അങ്ങോട്ട വായുവിൽക്കൂടിയും ഇങ്ങോട്ട വണ്ടിവഴിക്കും ആയിരുന്ന യാത്രഎന്നുള്ളതിൽ ഏതാണ് ശരി?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: അതു് അറിഞ്ഞുകൂടാ.

മിസ്റ്റർ പി. കുമാരനെഴുത്തശ്ശൻ: പോയി എന്നറിയാമോ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: പോയതായി അറിഞ്ഞുകൂടാ.

മിസ്റ്റർ പി. എ. മുഹമ്മദ് അഷ്റഫ്: പ്രധാനമന്ത്രിയുടെ ദൌത്യം വഹിച്ചുകൊണ്ട് ആരെങ്കിലും പോകയുണ്ടായിട്ടുണ്ടോ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: ഇല്ല.

മിസ്റ്റർ എം. ഒ. തോമക്കുട്ടി: ഇതു പത്രപംക്തികളിൽ കണ്ടിട്ടുണ്ടോ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: ഇല്ല.

മിസ്റ്റർ പി. കെ. ഡീവർ: F. I. R. ന് ശേഷം ഈ സംഭവങ്ങളെ വിവരിച്ചുകൊണ്ടും മറ്റും പലപത്രപ്രസ്താവനകളും ഉണ്ടായിട്ടുള്ളതായി ഗവണ്മെണ്ടിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: ഉണ്ടെങ്കിൽത്തന്നെ ആ പ്രസിദ്ധീകരണത്തെക്കുറിച്ചൊന്നും ഔദ്യോഗികമായി വിചാരിച്ചിട്ടില്ല.

Mr. President: The question time is over

DEPUTATION OF THE TECHERS OF THE TRAINING INSTITUTE AT RAMAVARMAPURAM

7. M. O. Thomakutty *(Commerce and Industry)* Will Government be pleased to state,—

(*a*) did the Prime Minister receive any deputation of teachers of the Training Institute at Ramavarmapuram, as reported in the "Gomathi" dated 31st Chingam 1123;

(*b*) what was the subject matter of the deputation;

(*c*) what reply did the Prime Minister give then;

(*d*) what action has since been taken in the matter?

Mr. P. Govinda Menon *(Prime Minister).*

(*a*) Yes.

(*b*) A copy of the memorandum submitted by the deputationists is appended *(Appendix I)*

(*a*) The Prime Minister replied that the case would be examined.

b) The matter is being examined.

LIBRARY ARCHIVES Kerala Legislative Assembly